# ദൈവകൃപയുടെ കുറവുണ്ടാകരുത്- സാക് പുന്നൻ

WFTW Malayalam 26 February 2012

www.jeevamozhikal.org

**ഏ**ശാവ് തന്റെ ജേഷ്ഠാവകാശത്തെ തുച്ഛീകരിച്ചു. ഏശാവ് തനിക്കുള്ള അനുഗ്രഹം നഷ്ടപ്പെട്ടെന്നു കേട്ടപ്പോൾ അതീവദുഃഖത്തോടെ ഉറക്കെ കരഞ്ഞു എന്ന് ഉൽപത്തി 27 ന്റെ 34 ൽ പറയുന്നു. വർഷങ്ങൾക്കു മുമ്പ് ജേഷ്ഠാവകാശം വിറ്റുകളഞ്ഞ തന്റെ തീരുമാനത്തിൽ അവൻ ഇപ്പോൾ ദുഃഖിക്കുന്നു. ആ സമയത്ത് ഒരു പാത്രം പായസവും പിന്നീട് ജേഷ്ഠാവകാശവും തന്റെ സഹോദരനായ പാവം യാക്കോബിനെ കബളിപ്പിച്ച് തട്ടിയെടുക്കാമെന്നാണ് അവൻ വിചാരിച്ചത്. എന്നാൽ ഒടുവിൽ ദൈവം ഏശാവിനെ കബളിപ്പിച്ചു. "ജ്ഞാനികളെ അവരുടെ കൗശലത്തിൽ പിടിക്കുവാൻ(1 കൊരി.3:19) ദൈവത്തിനറിയാം. യാക്കോബിനു തന്നെ ജേഷ്ഠാവകാശം ലഭിക്കുമെന്നു ദൈവം ഉറപ്പാക്കി. അതുകൊണ്ട് എല്ലാ തന്ത്രശാലികളും സൂക്ഷിക്കുക നിങ്ങൾ വിതക്കുന്നതു തന്നെ കൊയ്യുവാൻ ദൈവം ഇടയാക്കും.

എബ്രായർ 12: 16,17 ൽ ഇങ്ങനെ പറയുന്നു "ആരും ദുർവൃത്തനോ ഒരു ഊണിനു ജേഷ്ഠാവകാശം വിറ്റുകളഞ്ഞ ഏശാവിനെപ്പോലെ അഭക്തനോ ആകാതെ സൂക്ഷിച്ചുകൊള്ളുക. പിന്നീട് അനുഗ്രഹം ലഭിക്കാനാഗ്രഹിച്ച് കണ്ണുനീരോടുകൂടെ അപേക്ഷിച്ചിട്ടും അയാൾ തള്ളപ്പെട്ടു. മാനസാന്തരത്തിന് അവസരം ലഭിച്ചില്ല എന്നും നിങ്ങൾക്ക് അറിയാമല്ലോ" നിങ്ങൾ ചെറുപ്പമായിരിക്കുമ്പോൾ ജീവിതത്തിൽ ഒരു തെരഞ്ഞെടുപ്പു നടത്തുന്നു. നിങ്ങൾ ചെറുപ്പമായിരിക്കുമ്പോൾ, പ്രത്യേകിച്ച് സദാചാരവിഷയങ്ങളിൽ രണ്ടായിത്തിരിയുന്ന ഒരു വഴിയുടെ അറ്റത്തു പലപ്പോഴും എത്തുന്നു. അതുകൊണ്ടാണ് സദാചാരബോധമില്ലാത്ത ആളുകളെക്കുറിച്ച് ഇവിടെ പറയുന്നത്.

ജേഷ്ഠാവകാശവും നിത്യമായ അനുഗ്രഹങ്ങളും ആത്മീയഅനുഗ്രഹങ്ങളും നിങ്ങൾക്കു വേണോ? അതോ താത്ക്കാലിക അനുഗ്രഹങ്ങളും ഒരു പാത്രം പായസവും ശരീരത്തിന്റെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്ന കാര്യങ്ങളും മതിയോ? ഇത്തരം ഒരു തിരഞ്ഞെടുപ്പാണ് ഇന്നു പല ചെറുപ്പക്കാരും നേരിടുന്നത്. നിത്യമായതും ആത്മികമായതും ഭാവിയിലുള്ളതും‌ആയ കാര്യങ്ങളും താത്ക്കാലികവും ഭൗതികവും ഇപ്പോൾ ലഭിക്കുന്നതുമായ കാര്യങ്ങളും തമ്മിലാണ് തെരഞ്ഞെടുക്കേണ്ടത്.

നാം എല്ലാവരും ഇങ്ങനെ വഴി രണ്ടായി പിരിയുന്നിടത്ത് എത്താറുണ്ട്. മോശെ ഇങ്ങനെയൊരു സ്ഥലത്തെത്തി. പാപത്തിന്റെ സുഖഭോഗവും ഈജിപ്റ്റിന്റെ സമ്പത്തും ഫറവോന്റെ കൊച്ചുമകനെന്ന പദവിയും അവൻ ഉപേക്ഷിച്ചു (എബ്രാ.11: 24ീ-26). അതുകൊണ്ട് ദൈവത്തിന് അവനെ ഉപയോഗിക്കുവാൻ സാധിച്ചു. നമ്മിൽ പലരും ഇത്തരം ഒരു കവലയിൽ എത്തിച്ചേരാറുണ്ട്. നിങ്ങൾ ഒരു പക്ഷേ പറയും "ഞാൻ അല്പം ചിലത് ആസ്വദിക്കട്ടെ. ഒടുവിൽ മാനസാന്തരപ്പെട്ട് ആത്മികാനുഗ്രഹവും പ്രാപിക്കാം." എന്നാൽ ഞാൻ ഉറപ്പിച്ചു പറയട്ടെ നിങ്ങൾക്കതു ലഭിക്കയില്ല. നിങ്ങൾ വിതച്ചതേ നിങ്ങൾ കൊയ്യൂ.

അതിനാൽ ശരിയായ തെരഞ്ഞെടുപ്പു നടത്തുക. കാരണം ഇങ്ങനെ പറയുന്നു "ആരും ദൈവകൃപയിൽ നിന്നു വീണുപോകാതിരിക്കുവാൻ സൂക്ഷിച്ചു കൊള്ളുവിൻ (എബ്രാ.12: 15).നമ്മിൽ ആരും കൃപയിൽ നിന്നു വീണ് ഏശാവിനെപ്പോലെ ആകാതിരിക്കട്ടെ.

മൊഴിമാറ്റം: സാജു ജോസഫ്